പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 35** **13-10-2026-ൽ മറുപടിയ്ക്ക്**

**ബാറുകളുടെ നിയമലംഘനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ഫൈസൽ ബാബു

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. നജീബ് കാന്തപുരം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ബാറുകളുടെ നിയമ ലംഘനങ്ങൾക്കും വഴിവിട്ട ഇടപാടുകൾക്കും എക്സൈസ് വകുപ്പിലെ ജീവനക്കാർ കൂട്ടുനിൽക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** ബാറുകളുടെ നിയമ ലംഘനങ്ങൾക്കും വഴിവിട്ട ഇടപാടുകൾക്കും എക്സൈസ് വകുപ്പിലെ ജീവനക്കാർ കൂട്ടുനിൽക്കുന്നതായ രഹസ്യ വിവരം ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ചിട്ടുള്ളതുമാണ് .

**(ബി)** ബാറുകൾ നിർദ്ദിഷ്ട സമയത്തിന് മുൻപേ തുറക്കാനും രാത്രി വൈകി പ്രവർത്തിക്കാനും ചില ഉദ്യോഗസ്ഥർ അനുവാദം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിലെ, പ്രത്യേകിച്ച് ചങ്ങനാശ്ശേരി മേഖലയിലെ ചില ബാറുകൾ നിയമപരമായി അനുവദിച്ച സമയപരിധി കഴിഞ്ഞും പ്രവർത്തിക്കുന്നുണ്ടെന്നും, ആയത് കോട്ടയം ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെയാണെന്നുമുള്ള രഹസ്യ വിവരം ലഭ്യമാവുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 28.08.2026-ൽ എക്സൈസ് കമ്മീഷണർ നേരിട്ട്, കോട്ടയം ഡിവിഷനിൽ മിന്നൽ പരിശോധന നടത്തുകയുമുണ്ടായി. ടി പരിശോധനയിൽ, കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ. എസ്. അശോക കുമാർ, ടി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. എം. മാനുവൽ, പ്രിവന്റീവ് ഓഫീസർമാരായ (ഗ്രേഡ്) ശ്രീ. ലാലു തങ്കച്ചൻ, ശ്രീ. പ്രവീൺ ശിവാനന്ദ്, ശ്രീ. സന്തോഷ്. ടി, ശ്രീ. ഷിജു. കെ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. വിശാഖ് എ.എസ് എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരെ 30.08.2026-ൽ സേവനത്തിൽ നിന്നും വേലവിലക്കുകയും, ടിയാന്മാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരികയുമാണ്.

**സെക്ഷൻ ഓഫീസർ**